**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

**കായക്കൊടി ഗ്രാമപഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് 2018-19**

**കേരള സംസ്ഥാന ഓഡിറ്റ് കോഴിക്കോട്ജില്ലാ**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം**

**e-mail:...........................................**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.2 /335 /2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഫോൺ -0495 2371012
ഇ-മെയിൽ -dokkd.ksad@kerala.gov.in

തീയതി. 18.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

**കായക്കൊടി** ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : **കായക്കൊടി** ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാര **കായക്കൊടി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് 3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.കെ.കെ.ഡി.പി പി.2 /335 /2020 തിയ്യതി: 18.03.2020

**കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ **കായക്കൊടി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 10.11.2018 മുതൽ 29.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വാസുദേവൻ.എം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02-03-2020 മുതൽ 09.03.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കെ.എം.ബാലകൃഷ്ണൻ ,ഓഡിറ്റ് ഓഫീസർ . |
| | സി.പി സതീഷ്കുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ . |
| | അഫ്സൽ.ടി.എം, ഓഡിറ്റർ |
| | വിജേഷ്.കെ.കെ.,ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അശ്വതി .കെ.ടി | 01-04-2018മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ. മനോജ് .കെ | 01-04-2018 മുതൽ 18-03-2019 വരെ |
| | ശ്രീ.ഗോവിന്ദൻ നമ്പൂതിരി.എസ്, അസി. സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | 19-03-2019 മുതൽ 31-03-2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ. | ശ്രീ. പ്രമോദ്. എസ് | 01.04.2018 മുതൽ 31-03-2019വരെ |
| അസി.സെക്രട്ടറി. | ശ്രീ.ഗോവിന്ദൻ നമ്പൂതിരി.എസ്, | 01.04.2018 മുതൽ 31-03-2019വരെ |
| വെറ്റിനറി സർജൻ. | ഡോ.ജെറീഷ്.കെ.എം | 01.04.2018 മുതൽ 12.09.2018 വരെ |
| | ഡോ. മിനി.കെ.വി | 13-09-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ. (പി.എച്ച്.സി) | ഡോ.സി.കെ.വിനോദ് | 01.04.2018 മുതൽ 31-03-2019വരെ |
| അസി.എഞ്ചിനീയർ. | ശ്രീ. അരുൺ സേവ്യർ .ഡബ്ല്യൂ | 01.04.2018 മുതൽ 28.02.2019 വരെ |
| | നിഷ.ഐ | 01.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | അജി.കെ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഐസിഡിഎസ് സൂപ്പർവൈസർ. | പ്രേമ ഒച്ചിലോട്ട് | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ | ഷൈലേഷ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | മൊയ്തു.സി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | മുഹമ്മദ് നവാസ് | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| | ഭാഗം 1 | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ആഭ്യന്തര നിയന്ത്രണം | 1-2 |
| 3 | ഫണ്ട് വിനിയോഗം- തുക ചെലവഴിക്കാത്തതിനാൽ ഫണ്ട് നഷ്ടപ്പെട്ടു. | 1-3 |
| 4 | വാർഷിക കണക്കിലെ അപാകതകൾ | 1-4 |
| 5 | രശീതി സൂക്ഷിപ്പിലെ അപാകതകൾ | 1-5 |
| 6 | ഡി.ആന്റ് ഒ. ലൈസൻസ് – അപാകതകൾ | 1-6 |
| 7 | തൊഴിൽ നികുതി അപാകതകൾ | 1-7 |
| 8 | പഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിൽ വീഴ്ച | 1-8 |
| 9 | ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ പദ്ധതി ആസൂത്രണ-നിർവ്വഹണത്തിലെ അപാകതകൾ | 1-9 |
| 10 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം മന്ദഗതിയിൽ | 1-10 |
| 11 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റുകൾ നിർവ്വഹിച്ചത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല. | 1-11 |
| 12 | വനിതകൾക്കുള്ള സ്വയം തൊഴിൽ സംരംഭം – പദ്ധതി നടപ്പിലാക്കിയില്ല. | 1-12 |
| 13 | ശമ്പള കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാറിലേയ്ക്ക് അടവാക്കിയിട്ടില്ല. | 1-13 |

| | | |
|---|---|---|
| 14 | പത്രപരസ്യങ്ങൾക്ക് – പരസ്യചാർജ്ജിൽ അർഹമായ ഇളവ് പ്രയോജനപ്പെടുത്തിയില്ല. | 1-14 |
| 15 | ബക്കറ്റ് ബിൻ കമ്പോസ്റ്റിംഗ് യൂനിറ്റ് – ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തില്ല. | 1-15 |
| 16 | ലൈഫ് ഭവന പദ്ധതി – നിർമ്മാണം പൂർത്തിയാവാത്തത് സംബന്ധിച്ച് | 1-16 |
| 17 | തുല്യതാപഠിതാക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-17 |
| 18 | എസ്.എസ്.എ.- അപാകതകൾ | 1-18 |
| 19 | നോൺ ട്രാൻസ്പോർട്ട് വാഹനത്തിന് ട്രിപ്പ് ഷീറ്റ് വെച്ച് തുക നൽകി | 1-19 |
| | **ഭാഗം 2**<br>ഇല്ല | |
| | **ഭാഗം 3**<br>ഇല്ല | |
| | **ഭാഗം 4** | |
| 20 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 21 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 22 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 24 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 26 | ഓഡിറ്റ് റിക്കവറി | 4-7 |
| 27 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 28 | ചാർജ് സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകൾ | 4-11 |
| 31 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |

# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.03.2018 ലെ 1/1 തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചു.ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 36251000 രൂപയും പ്രതീക്ഷിത ചെലവ് 35145000 രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് 71214388രൂപയും യഥാർത്ഥ ചെലവ് 61236508 രൂപയുമാണ്. ഡിസംബർ അവസാന വാരം ഘടക സ്ഥാപന ഓഫീസ് തലവൻമാരുടെ യോഗം വിളിച്ച് ചേർത്ത് തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപോസലുകളും ബജറ്റ് വർഷത്തേക്കുള്ള നോൺപ്ലാൺ പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടണം. എന്നാൽ ബജറ്റ് ഫയൽ പരിശോധിച്ചതിൽ സ്ഥാപനങ്ങൾക്ക് നോട്ടീസയച്ചതല്ലാതെ വിവരങ്ങൾ ലഭിച്ചതായോ ഘടക സ്ഥാപനമേധാവികളുടെ യോഗം വിളിച്ചുചേർത്തതായോ കാണുന്നില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ച ബജറ്റ് നിർദ്ദേശങ്ങൾ ജനവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച് ജനവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. ബജറ്റ് എന്നത് ഒരു സ്ഥാപനത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു പ്രതീക്ഷിത രേഖയാണ്. ബജറ്റ് കൃത്യമായ കണക്കുകളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്.

## 1-2 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം ആവശ്യമാണ്. കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധനയ്ക്ക് വിധേയമാക്കിയതിൽ കൂടുതൽ മെച്ചപ്പെടേണ്ടതിന്റെ ആവശ്യകത വ്യക്തമാകുന്നുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. 2018-19 വർഷം 2 തവണ മാത്രമാണ് സ്റ്റാഫ് മീറ്റിംഗ് ചേർന്നത് .പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് ചേരേണ്ടതുണ്ട് (ഓഫീസ് മാനേജ്മെന്റ് മാന്വൽ കാണുക) വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താനുള്ള സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.തൻവർഷം 3തവണ മാത്രമാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ചേർന്നത്.സ്റ്റാറ്റസ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്കനുസൃതമായാണ് പ്രൊജക്ട് നിർദ്ദേശങ്ങൾ രൂപപ്പെടേണ്ടത്.എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണമാണ്. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ചിട്ടില്ല.

## 1-3 ഫണ്ട് വിനിയോഗം - തുക ചെലവഴിക്കാത്തതിനാൽ ഫണ്ട് നഷ്ടപ്പെട്ടു

തൻവർഷം സ്പിൽഓവർ ഉൾപ്പെടെ 164 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 95 പ്രൊജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. 105750968 രൂപ വിവിധ പദ്ധതികൾക്ക് വകയിരുത്തിയതിൽ 44506249 രൂപയാണ് ചെലവഴിച്ചത്. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ചെലവ് വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| | ലഭിച്ച തുക | ചെലവഴിച്ചത് | ലാപ്സായ തുക | ചെലവ്% |
|---|---|---|---|---|
| പൊതുവിഭാഗം സാധാരണഫണ്ട് | 17207000 | 13754617 | 3452383 | 79.94 |

| | | | | |
|---|---|---|---|---|
| എസ്.സി.പി. | 1558000 | 1249470 | 308530 | 80.18 |
| ടി.എസ്.പി. | 120000 | 75000 | 45000 | 62.5 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7987000 | 7159025 | 827975 | 89.63 |
| മെയിന്റനൻസ് ഗ്രാന്റ് ( റോഡ്) | 6421000 | 4533237 | 1887763 | 70.6 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) | 3530000 | 687700 | 2842300 | 19.48 |
| ആകെ | 36823000 | 27459049 | 9363951 | 74.57 |

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത 9363951 രൂപ നഷ്ടപ്പെട്ടിരിക്കുകയാണ്.(സ.ഉ(കൈ)നം.11/2018തസ്വഭവ തീ 29.01.2018 പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക)പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും ഭരണസമിതി തീരുമാനങ്ങളെടുക്കുന്നതിലെ കാലതാമസവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാത്തതും നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രൊജക്ടുകളുടെ എണ്ണം കുറച്ച്, ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർധിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 1-4 വാർഷിക കണക്കിലെ അപാകതകൾ

കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വിവിധ അക്കൌണ്ടുകളുടെ ബാങ്ക് ബുക്കുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല . 31.03.2019 തിയതികളിലെ ബാങ്ക് ബുക്കുകൾ മാത്രമാണ് പരിശോധനക്ക് ലഭിച്ചത്.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ 2018-19 വർഷത്തെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-14 പ്രകാരം 'സ്റ്റോക്ക്-ഇൻ-ഹാൻഡ് 'എന്ന ഇനത്തിലുള്ള 90240 രൂപയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
3. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ നമ്പർ B-3യിലെ തുക, B-11, B-11(a) ഷെഡ്യൂളുകളിലെ തുകകളുടെ ആകെ തുകയല്ല.
4. RP-7 ഷെഡ്യൂളുകളിൽ 160100399 നമ്പർ അക്കൌണ്ടിൽ 305000 രൂ വരവ് വന്നതായി കാണിച്ചിരിക്കുന്നു. ഇത് ഏത് ഇനത്തിലാണെന്നത് വ്യക്തമല്ല. ലെഡ്ജർ പ്രകാരം ഈ തുക MGNREGS ഇനത്തിലാണെന്ന്

പറയുന്നുണ്ടെങ്കിലും പ്രസ്തുത ഇനത്തിൽ ഇങ്ങനെയൊരു തുക വരവ് വന്നിട്ടില്ല. ഇതേ തുക 254200199 ഹെഡിൽ ചെലവായും കാണിച്ചിട്ടുണ്ട്. വിശദീകരണം നല്കാൻ പഞ്ചായത്ത് അധികൃതർക്ക് സാധിച്ചിട്ടില്ല.

5. B-4 ഷെഡ്യൂളിൽ 1250000 രൂ 320200307 ഹെഡിൽ ബാലൻസ് കാണിച്ചിട്ടുണ്ട്. കുടുംബശ്രീ ഇനത്തിലുള്ള തുകയാണിത്. എന്നാൽ ഈ ഫണ്ടിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
6. വാർഷിക കണക്കിൽ അടിസ്ഥാന റേഷ്യോകൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
7. സ്ഥാപനത്തിൽ നിന്നും നല്കിയതും 3 മാസത്തിലധികമായി കാഷ് ചെയ്യാത്തതുമായ ചെക്കുകൾ 'stale cheques 'എന്ന ഹെഡിലേക്ക് മാറ്റുന്നില്ല. ഉദാ: സ്ഥാപനത്തിന്റെ തനത് ഫണ്ട് അക്കൌണ്ടുകളിൽ ഒന്നായ SCB കക്കട്ടിൽ - അക്കൌണ്ട് നമ്പർ 66 ൽ നിന്നും നല്കിയ ചെക്ക് നമ്പർ 58628 തിയ്യതി 5.3.16 , ചെക്ക് തുക 3000 രൂ
8. RP-7 ഷെഡ്യൂളിൽ ഹെഡ് നമ്പർ 160100716 പ്രകാരം 20000 രൂ കേരളോൽസവം ഇനത്തിൽ വരവ് ഉള്ളതായി കാണുന്നു. എന്നാൽ തുക അനുവദിച്ച കൊണ്ടുള്ള അലോട്ട്മെന്റ് കത്തുകളൊന്നും പരിശോധനക്ക് ലഭിച്ചില്ല. തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.
9. MGNREGA അക്കൌണ്ടന്റ് സൂക്ഷിക്കുന്ന കാഷ്ബുക്ക് പ്രകാരം (കണ്ടിൻജന്റ് രജിസ്റ്റർ എന്ന പേരിൽ) 2018-19 വർഷത്തെ അഡ്മിനിസ്റ്റേറ്റീവ് ഇനത്തിലുള്ള ആകെ ചെലവ് 1840063 രൂപയാണ്. EFMS വരവ്/ചെലവ് 51372735 രൂപയുമാണ്. എന്നാൽ 2018-19 വർഷത്തെ വരവ് ചെലവ് കണക്കുകളിൽ RP-31, ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന അഡ്മിനിസ്റ്റേറ്റീവ് ഇനത്തിലുള്ള വരവ് തുക 944592 രൂപയാണ്. 251300801 നമ്പർ ഹെഡിൽ കാണിച്ച ഇതേവസ്തുനികുതി ഇനത്തിലുള്ള ചെലവ് 1534661 രൂപയുമാണ്. I-6 സ്റ്റേറ്റുമെന്റ് പ്രകാരമുള്ള MGNREGA ഇനത്തിലുള്ള ആകെ വരവ് 1534661 രൂപയാണ്. എന്നാൽ NREGA വിഭാഗത്തിൽ സൂക്ഷിച്ചിരിക്കുന്ന കണക്കുകൾ പ്രകാരം അഡ്മിനിസ്റ്റേറ്റീവ് ഇനത്തിലുള്ള വരവ് 1242287 രൂപയും പലിശ വരവ് 7707 രൂപയും EFMS ഇനത്തിലുള്ള വരവ്/ചെലവ് 51372735 രൂപയും അടക്കം ആകെ വരവ് 52622729 രൂപയാണ്.
10. തൻവർഷം വായ്പ ഇനത്തിൽ ലഭിച്ച തുക (ആർ.പി 32) ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് തുക (ആർ.പി 45) ൽ ഉൾപ്പെടുത്തിയിട്ടില്ല.
11. ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിലെ തുകയും പരിശോധനയ്ക്ക് നൽകിയ സർട്ടിഫിക്കറ്റിലെ തുകയും പൊരുത്തപ്പെടുന്നില്ല.

## 1-5 രസീറ്റ് സൂക്ഷിപ്പിലെ അപാകതകൾ

പഞ്ചായത്തിൽ ഔട്ട് ഡോർ രസീത് സൂക്ഷിക്കുന്നതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

ഓരോ ദിവസത്തെയും ഔട്ട് ഡോർ കലകഷൻ പഞ്ചായത്തിൽ അടവാക്കുന്നത് ഹെഡ് ക്ലാർക്കോ അസി സെക്രട്ടറിയോ പരിശോധിക്കുന്നുണ്ടങ്കിലും രസീതുകളിലെ ക്യാൻസൽ ചെയ്യുന്ന രസീതുകൾ ആയതിന്റെ കാരണം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| രസീറ്റ് ബുക്ക് നം | രസീത് നം |
|---|---|
| 30101 | 94 |
| 30111 | 44, 51 |
| 44668 | 57 |
| 30118 | 68,69 |
| 30116 | 9,10 |
| 12714 | 1 മുതൽ 4 വരെ wrongly entered എന്ന് ഓഫീസ് കോപ്പിയിൽ |

| | |
|---|---|
| | മാത്രമാണ് എഴുതിയിരിക്കുന്നത് |
| 44499 | 58 മുതൽ 100 വരെ ഉപയോഗിച്ചിട്ടില്ല. ഇവ ക്യാൻസൽ ചെയ്തിട്ടില്ല. |
| 44497 (വി.ഇ.ഒ) | 18 മുതൽ 100 വരെ ഉപയോഗിച്ചിട്ടില്ല. ഇവ ക്യാൻസൽ ചെയ്തിട്ടില്ല |
| 30103 (വി.ഇ.ഒ) | 26 മുതൽ 86 വരെ രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 30110 (വി.ഇ.ഒ) | 18 മുതൽ 47 വരെ രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 30117, 44496, 44497 (വി.ഇ.ഒ) | ഈ രസീറ്റ് ബുക്കുകളിലെ ഒരു രസീതിലും തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 30106 (അഗ്രി.ഓഫീസർ) | ഒരു രസീറ്റിലും തീയതി രേഖപ്പെടുത്തിയിട്ടില്ല |

മേൽ പരാമർശിച്ച രസീറ്റുകളിൽ വി.ഇ.ഒ യ്ക്ക് നൽകിയ രസീറ്റ് ബുക്കുകളിൽ ആകെ 417 രസീതുകളാണ് എഴുതിയിരിക്കുന്നത്. ഇതിലെ ഓരോ റസീറ്റും ഗുണഭോക്തൃ വിഹിതമായ 100/- രൂപ വീതമാണ്. ഇത് പ്രകാരം 41700 /- രൂപയാണ് അടവാക്കേണ്ടിയിരുന്നത്. എന്നാൽ സാഖ്യയിൽ വി.ഇ.ഓ യുടെ ബെനിഫിഷ്യറി കോൺട്രിബ്യൂഷനായി 42100/- രൂപ അടവാക്കിയതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിനൽകിയിട്ടുണ്ട്. രസീറ്റ് വരവ് വി.ഇ.ഒ കലക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 4 ബെനിഫിഷറികളുടെ രസീത് എഴുതുകയോ രസീറ്റ് നൽകുകയോ ചെയ്യാതെ തുക അടവാക്കി. കൂടാതെ 42100/- രൂപ അടവാക്കിയതിൽ 10600/- രൂപയുടെ സാംഖ്യ രസീത് ലഭ്യമാക്കിയിട്ടില്ല.

ഡേബുക്ക്, സാംഖ്യ രസീതുകൾ എന്നിവയുടെ പരിശോധനയിൽ ഡേബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക് (11/20 തീ.7.3.20) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-6 ഡി & ഒ ലൈസൻസ് -അപാകതകൾ--

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 2018-19 വർഷം വരെ സ്ഥാപന പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 1594 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2018-19ലെ നികുതി ഇളവ് രജിസ്റ്റർ പ്രകാരം ഒരു കെട്ടിടവും ഒഴിവായി കിടക്കാത്തതിനാൽ നികുതി ഇളവ് അനുവദിച്ചിട്ടില്ല. ഇതിൽ നിന്നും മുഴുവൻ കെട്ടിടങ്ങളും വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നതായി കാണാം. നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് സാധ്യത. എന്നാൽ ഓഡിറ്റ് വർഷത്തിൽ 204 പേർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇത്രയും ലൈസൻസിന് ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങൾ 306 എണ്ണമാണെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് 1288 കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാനുള്ള സാധ്യത നിലനില്ക്കുന്നുണ്ട്.

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു.ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം

നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് , കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി ) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1594 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും , ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

ആകെ 2017-18 ൽ അനുവദിച്ച 203 ഡി & ഒ ലൈസൻസുകളിൽ 98 സ്ഥാപനങ്ങൾ മാത്രമാണ് 2018-19 ൽ ലൈസൻസ് പുതുക്കുന്നതിന് നിയമാനുസൃതമായി അഡ്വാൻസായി ലൈസൻസ് ഫീസ് ഒടുക്കിയിരിക്കുന്നത്. ശേഷിക്കുന്ന സ്ഥാപനങ്ങൾ ഓഡിറ്റ് വർഷം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അത് നിയമാനുസൃതമല്ല. ഇത് ഉറപ്പു വരുത്തുന്നതിനുള്ള പരിശോധനകൾ നടക്കുന്നില്ല എന്നത് വീഴ്ചയാണ്.

## 1-7 തൊഴിൽ നികുതി - അപാകതകൾ

തൊഴിൽ നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി,ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിലുടമകൾ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.(ക്രമ നമ്പർ ഒന്നുപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നല്കേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.എങ്കിലും നിയമപ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു.) ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

എ). സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1594 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. ഇതിൽ 2018-19 വർഷത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ചിട്ടില്ലാത്തതിനാൽ 1594 കെട്ടിടങ്ങൾ നിലവിൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നവ യാണെന്ന് എന്ന് വേണം കരുതേണ്ടത്. എന്നാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 204 ഡിമാന്റുകളിൽ നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. ഓഡിറ്റ് വർഷത്തിൽ ആകെ ഡി & ഒ ലൈസൻസ് അനുവദിക്കപ്പെട്ട 204സ്ഥാപനങ്ങൾ 306 കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് അവശേഷിക്കുന്ന 1288 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ബി). ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ

നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു.

സി). വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതായത് ലൈസൻസ് അനുവദിക്കപ്പെട്ട 204 സ്ഥാപനങ്ങളിൽ നിന്നും അവയുടെ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡി). ട്രേഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

ഇ) 2018-19 ലെ വർക്ക് ബിൽ പരിശോധിച്ചതിൽ നിന്നും ചുവടെ പരാമർശിച്ച കരാറുകാർ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുകയും വരുമാനമാർജിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി പരിധിയിൽ ഉൾപ്പെടേണ്ട കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. തൻവർഷമ ഗ്രാമപഞ്ചായത്തിൽ പ്രവൃത്തി നടത്തിയ കരാറുകാരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരുടെ പേര് |
|---|---|
| 1 | സഫീർ |
| 2 | സജീവൻ.എൻ.കെ |
| 3 | രഘുദാസൻ.കെ.എൻ |
| 4 | റഫീഖ്.കെ.പി |
| 5 | ബാലൻ.ഒ.പി |
| 6 | അശോക് |
| 7 | പി.സുരേഷ് |
| 8 | പ്രിൻസ് മാത്യു |

ഈ കരാറുകാരിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

എഫ്) ഡി&ഒ ലൈസൻസ് അപേക്ഷയിൽ സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം അപേക്ഷകൻ സാക്ഷ്യപ്പെടുത്തി നൽകിയെങ്കിലും ആയത് പ്രകാരം ചുവടെ കൊടുത്ത സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | ഡി&ഒ ലൈസൻസ് നം, | കെട്ടിട നം | സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|
| 1 | 126 | 7/310A | എക്സ്പേർട്ട് ഓട്ടോ | 4 |
| 2 | 113 | 7/516 -I | സാംകോ ഫുഡ് സപ്ലൈ | 4 |
| 3 | 198 | 8/398A | അൽ അമാൻ | 7 |
| 4 | 77 | 5/84 | പാലോളി സ്റ്റോൺ ക്രഷർ | 5 |
| 5 | 79 | വാർഡ് 16 | കോവുകുണ്ട് ക്വോറി | 5 |
| 6 | 78 | വാർഡ് -4 | പാലോളി ക്വോറി | 5 |
| 7 | 110 | 4/17A | എസ്.ആർ ഇന്റസ്ട്രീസ് | 5 |

ജി) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പ്, എന്നിവയിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8 പഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിൽ വീഴ്ച

2018-19 വാർഷിക കണക്ക്, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീയായി 63404/- രൂപയും , ക്രമവൽക്കരണ ഫീയായി 130376/- രൂപയാണ് അടവാക്കിയിരിക്കുന്നത്. ക്രമവൽക്കരണ ഫീ എന്നത് പെർമിറ്റ് ഫീസിന്റെ ഇരട്ടിയായ തുകയാണ് പഞ്ചായത്തിൽ ഈടാക്കുന്നത്. അതായത് പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ അനധികൃത നിർമ്മാണം വലിയ രീതിയിൽ നടക്കുന്നെന്ന് ഇത് വ്യക്തമാക്കുന്നു. നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ നിർമ്മാണം നിയന്ത്രിക്കപ്പെടുന്നില്ല എന്നതിനൊപ്പം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ സമയബന്ധിതമായി നികുതി അസസ് ചെയ്ത് ഡിമാന്റിൽ ഉൾപ്പെടുത്തുന്നുമില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ കെട്ടിടങ്ങൾ നികുതി പരിധിയിൽ പെടാതെ ഒഴിഞ്ഞു പോകുന്നെന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു.

മേല്പറഞ്ഞ അപാകതകൾ നിലനിൽക്കേ ഇക്കാര്യങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്ന് മിനിട്സ് സാക്ഷ്യപ്പെടുത്തുന്നു. കൂടാതെ പഞ്ചായത്തിലെ അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും രജിസ്റ്ററിൽ 8 കെട്ടിടങ്ങൾ ഉൾപ്പെടുന്നുണ്ട് . 2004 മുതൽ ലഭിച്ച അപേക്ഷകളും ഇതിൽ

ഉൾപ്പെടുന്നുണ്ട്. എന്നാലിവ ഓഡിറ്റ് പിരീഡ് വരെയും അധികൃതമാക്കുകയോ പൊളിച്ച് കളയുകയോ യു.എ നമ്പർ നൽകി അനധികൃത കെട്ടിടത്തിനുള്ള നികുതി ചുമത്തുകയോ ചെയതിട്ടില്ല. അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടിയെടുക്കാതെ തുടരുന്ന എന്നതും അനധികൃത നിർമ്മാണങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്ന് വ്യക്തമാക്കുന്നു. കൂടാതെ പെർമിറ്റ് ഇല്ലാതെ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കുമ്പോൾ കെട്ടിട നിർമാണ പെർമിറ്റ് ഫീയും അതിന്റെ രണ്ട് ഇരട്ടിയും ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീയുടെ ഇരട്ടി തുക മാത്രമാണ് ഈടാക്കുന്നത്.

നികുതി പരിധിയിൽ നിന്നും കെട്ടിടങ്ങൾ ഒഴിഞ്ഞുപോകാനുള്ള സാഹചര്യം നിലനിൽക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മറുപടി നൽകേണ്ടതും അപാകതകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന പരിഹാരനടപടികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതുമാണ്.

1. സ്ഥാപനപരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമവിധേയമല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽ പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയകെട്ടിടങ്ങളുടെ അസസ് മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2. മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.
3. അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വമുള്ള ഫീൽഡ് സ്റ്റാഫ് അതനുസരിച്ചുള്ള കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്ററാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നൽകേണ്ടതും/നടത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിശദമായ റിപ്പോർട്ടും, ഇതിന്റെ ഫലവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-9 ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പദ്ധതി ആസൂത്രണ - നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ നിരവധി അപാകതകൾ കാണുന്നു. വിശദ വിവരങ്ങൾ ചുടെ കൊടുക്കുന്നു.

**1)വയോജനങ്ങൾക്ക് കട്ടിൽ - ടെണ്ടറിൽ കൂടുതൽ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങി**

പ്രോജക്റ്റ് നം - 96/19 വയോജനങ്ങൾക്ക് കട്ടിൽ

ബിൽ നം - 07/18-19 തീ- 11-01-2019

വകയിരുത്തിയ തുക - 320000/-

ചെലവ് തുക – 319828/-

വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്റ്റ് പ്രകാരം 320000/- രൂപ വകയിരുത്തിയ പദ്ധതിയിൽ പത്രപ്പരസ്യത്തിലൂടെ ടെണ്ടർ ക്ഷണിച്ചതിൽ ടെണ്ടർ സമർപ്പിച്ചത് (06/07/2018) രണ്ട് സ്ഥാപനങ്ങളാണ്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| സ്ഥാപനം | ക്വോട്ട് ചെയ്ത തുക |
|---|---|
| ഫിഡ്കോ എന്റർപ്രൈസസ് | 4322 |
| അലെ കാർട്ടെ ഫർണിച്ചർ' | 3990 |

എന്നാൽ പഞ്ചായത്ത് ഭരണസമിതിയുടെ 22-09-2018 ലെ 12ാം നമ്പർ തീരുമാനപ്രകാരം, കൂടിയ തുക ക്വോട്ട് ചെയ്ത ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറിനാണ് അംഗീകാരം നൽകിയിരിക്കുന്നത്. കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ നിരസിക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

**2)ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- പദ്ധതിയ്ക്ക് ആവശ്യത്തിന് തുക വകയിരുത്തിയില്ല**

പ്രോജക്റ്റ് നം - 08/19

വകയിരുത്തിയ തുക – 560000/-

ചെലവഴിച്ച തുക – 525000/-

സബ്സിഡി - ധനസഹായം സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 28500/- രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സിന്റെ അടിസ്ഥാനത്തിലുമാണ് വാർഷിക സ്കോളർഷിപ്പ് നൽകേണ്ടത്. എന്നാൽ മാനസിക വൈകല്യം നേരിടുന്ന 27കുട്ടികൾക്ക് പ്രതിമാസം 1000/- രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. അതായത് വർഷം ആകെ 12000/- രൂപയാണ് ഓരോ കുട്ടിയ്ക്കും ലഭ്യമായത്. അതുകൊണ്ട് തന്നെ ഗുണഭോക്താക്കളായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യത്തിന്റെ പകുതിയിലും കുറഞ്ഞ തുക മാത്രമാണ് നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ.

**3) അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതി – അംഗൻവാടികളിൽ ഗ്യാസിന് കൊമേഷ്യൽ നിരക്ക് നൽകുന്നു**

പ്രോജക്റ്റ് നം - 07/18-19 (അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതി)

വകയിരുത്തിയ തുക – 2200000/-

ചെലവഴിച്ച തുക – 2192192/-

പഞ്ചായത്തിലെ 25 അംഗൻവാടികളിൽ ഗ്യാസ് കണക്ഷൻ കൊമേഴ്സ്യൽ ആവശ്യങ്ങൾക്ക് ഉള്ള കൂടിയ നിരക്കിലുള്ള കണക്ഷനാണ് ഉപയോഗിച്ചുവരുന്നത്. ഇത് നാളിതുവരെ ഗാർഹിക കണക്ഷനാക്കി നൽകാനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. പദ്ധതിയ്ക്ക് വകയിരുത്തിയതിൽ 54524/- രൂപ ഗ്യാസ് സിലിണ്ടർ മാറിയ വകയിൽ 2018-19 ൽ നൽകിയിട്ടുണ്ട്. ഗ്യാസ് ഏജൻസിയിൽ അപേക്ഷ നൽകി അംഗൻവാടികളിലെ കണക്ഷൻ ഗാർഹിക നിരക്കിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) **പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികളിലും കുടിവെള്ളം ലഭ്യമാക്കിയില്ല.**

പഞ്ചായത്തിലെ ആകെയുള്ള 25 അംഗൻവാടികൾ 16 അംഗൻവാടികളിലും സ്വന്തമായി കുടിവെള്ള കണക്ഷൻ ലഭ്യമല്ല എന്ന് ICDS സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. എന്നാൽ ഇതിനായി പദ്ധതി ആസൂത്രണം ചെയ്തിട്ടില്ല. പദ്ധതി രൂപീകരണത്തിനടിസ്ഥാനമായ സ്റ്റാറ്റസ് റിപ്പോർട്ടിൽ പഞ്ചായത്തിൽ ആകെ 5 അംഗൻവാടികളാണുള്ളത് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്റ്റാറ്റസ് റിപ്പോർട്ടിലെ 13ാം പഞ്ചവത്സര പദ്ധതി പ്രോജക്റ്റ് ആശയങ്ങളിൽ 2017-18 മുതൽ 2021-22 എന്ന ഖണ്ഡികയിൽ 2019-20 ൽ അംഗൻവാടികളിൽ കുടിവെള്ളം പദ്ധതി പൂർത്തീകരിക്കുക എന്നതാണ് ലക്ഷ്യമായി പറഞ്ഞിരിക്കുന്നത് . എന്നാൽ 2019-20 ലും ഈ ആവശ്യത്തിനായി പദ്ധതി വിഭാവനം ചെയ്തിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കി അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് പദ്ധതി ആസൂത്രണം ചെയ്യേണ്ടതും നടപ്പിലാക്കേണ്ടതുമാണ്.

## 1-10 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം മന്ദഗതിയിൽ

പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിന് സ്പിൽഓവർ ഉൾപ്പെടെ 102 പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചതിൽ 43 എണ്ണം മാത്രമാണ് നടപ്പാക്കി പണം ചെലവഴിച്ചത്.സാമ്പത്തിവർഷാവസാനം സമർപ്പിച്ചതിനാൽ 14 പ്രൊജക്റ്റുകളുടെ ബില്ലുകൾ ക്യൂ ലിസ്റ്റിൽ പെട്ടു. ബില്ല് സമർപ്പിച്ചതിലെ കാലതാമസം കാരണം ക്യൂ ലിസ്റ്റിൽപ്പെട്ട ബില്ലുകളുടെ തുകയായ 3814675 രൂപ ലാപ്സായി.മരാമത്ത് പ്രവൃത്തികൾക്ക് 37932778രൂപ വകയിരുത്തിയതിൽ 13001154രൂപ മാത്രമാണ് ചെലവഴിച്ചത്.നോൺറോഡ് മെയിന്റനൻസ് ഗ്രാന്റിനത്തിൽ 3530000രൂപ വകയിരുത്തിയതിൽ 687700രൂപ മാത്രമാണ് (19.48%)ചെലവഴിച്ചത്.

തൻവർഷം 3തവണ മാത്രമാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ചേർന്നത്.സ്റ്റാറ്റസ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്കനുസൃതമായാണ് പ്രൊജക്റ്റ് നിർദ്ദേശങ്ങൾ രൂപപ്പെടേണ്ടത്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണമാണ്. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ചിട്ടില്ല. അസി.എഞ്ചിനീയർക്ക് നിർവ്വഹിക്കാൻ കഴിയുന്നതിലധികം പ്രൊജക്റ്റുകൾ ഏറ്റെടുത്തതും പ്രവൃത്തി പൂർത്തിയാക്കാതെ ഫണ്ട് നഷ്ടപ്പെടുന്നതിനിടയാക്കി. ടെണ്ടർ, എഗ്രിമെന്റ് വെക്കൽ എന്നിവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 28 മരാമത്ത് പ്രവൃത്തികൾക്ക് 2019 ജനുവരി,ഫെബ്രുവരി,മാർച്ച് മാസങ്ങളിലാണ്(ജനുവരി-8,ഫെബ്രുവരി-15,മാർച്ച്-5)എഗ്രിമെന്റ് വെച്ചത്.വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സമയബന്ധിതമായ ആസൂത്രണ പ്രക്രിയയ്ക്ക് മേൽനോട്ടം വഹിക്കേണ്ടതും ലഭിച്ച തുക നഷ്ടപ്പെടുന്നില്ല എന്നുറപ്പാക്കേണ്ടതുമാണ്.

## 1-11 സിമന്റ് കോൺക്രീറ്റ് പേവ്മെന്റുകൾ നിർവ്വഹിച്ചത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

നിർവ്വഹണം - അസി. എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർമ്മിക്കപ്പെട്ട റോഡുകളിൽ ചിലത് പൂർണ്ണമായോ ഭാഗികമായോ സിമന്റ് കോൺക്രീറ്റ് പേവ്മെന്റുകളായാണ് നിർമ്മിച്ചിരിക്കുന്നത്.പ്രവൃത്തികളിലെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് നിർവ്വഹിച്ചിരിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ച വിധത്തിലല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800,1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം11ൽ 11.4.3.1നമ്പർ പ്രകാരം ഡാറ്റാ നല്കിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാന്റേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6 ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്.ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, കോൺക്രീറ്റ് പേവ്മെന്റുകൾക്ക് ഉപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. റോഡിന് ആവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ കഴിവ് എന്നിവ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ഇത് റോഡ് തകരുന്നതിന് ഇടയാക്കാം. മേല്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടേയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്.ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന കോഴ്സ് അഗ്രഗേറ്റ് (coarse aggregate) 25mmകൂടാൻ പാടില്ല എന്ന നിഷ്കർഷിക്കുമ്പോൾ 11.4.3.1ൽ 40 mm അഗ്രഗേറ്റ് വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ(materials) ബാഹുല്യവും വൈവിധ്യവും ഇവിടെ ശ്രദ്ധേയമാണ്. ഇപ്രകാരം 2018-19 വർഷം നിർമ്മിക്കപ്പെട്ട ഒരു റോഡ് കോൺക്രീറ്റ് പ്രവൃത്തി ഉദാഹരണമായി താഴെ കൊടുത്തിരിക്കുന്നു.

പ്രവൃത്തിയുടെ പേര് - എല്ലിക്കാംപാറ കാവിന്റരിക്കത്ത് റോഡ്

പ്രൊജക്റ്റ് നമ്പർ - 113/18-19(so)

അടങ്കൽ - 400000

ചെലവ് - 399539(ബിൽ നം.19/18-19 dt.29.11.18)

3.11.4.3.1 പ്രകാരമുള്ള കോൺക്രീറ്റിന്റെ അളവ്- 42.366ഘന.മീ.

റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തിയതിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണ്.

## 1-12 വനിതകൾക്കുള്ള സ്വയം തൊഴിൽ സംരഭം- പദ്ധതി നടപ്പിലാക്കിയില്ല

അടങ്കൽ തുക – 706000

ചെലവ് – ഇല്ല

വനിത ഗ്രൂപ്പുകൾക്ക് സ്വയം സംരഭങ്ങൾ തുടങ്ങുന്നതിനായി ,വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷത്തിൽ പദ്ധതി വെച്ചിരുന്നു. ചെലവ് പത്രിക പരിശോധിച്ചപ്പോൾ ഇത് നടപ്പാക്കിട്ടില്ല എന്ന് കാണുന്നു. ഒരെയൊരു പദ്ധതി മാത്രമായിരുന്ന ഈ നിർവഹണോദ്യോഗസ്ഥന് തൻ വർഷം നടപ്പിലാക്കാനുണ്ടായിരുന്നത്. പഞ്ചായത്തിലെ വനിതകളുടെ ഉന്നമനത്തിന് ഉതകുമായിരുന്ന ഈ പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം അന്വേഷിച്ച നൽകിയ കുറിപ്പിന് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. 02/08/2018 ന് ഭരണ സമിതിയിൽ നിന്നും കൈമാറി കിട്ടിയ ഗുണഭോക്തൃ ലിസ്റ്റിൽ,ഉണ്ടായിരുന്ന ഗ്രൂപ്പുകൾക്ക് സബ്സിഡി മാർഗരേഖ (സ ഉ(കൈ) 22/2018 ത സ്വ ഭ വ തിയതി 14-02-2018)പ്രകാരം ഉണ്ടാവേണ്ട,രൂപീകരിച്ച് 6 മാസം കഴിഞ്ഞ ശേഷമുള്ള ഗ്രേഡിങ്ങിൽ വിജയിച്ച ഗ്രൂപ്പ് എന്ന മാനദണ്ഡം ഇല്ലാത്തതിനാൽ പദ്ധതി നടപ്പാക്കാൻ സാധിച്ചില്ല ഏന്നാണ് പറയുന്നത്.

സ. ഉ(കൈ) 11/2018/ ത സ്വ ഭ വ തിയതി 29-01-2018 ഖണ്ഡിക 11-3 (3) പ്രകാരം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തി ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് അതാത് വർക്കിങ് ഗ്രൂപ്പുകളുടെ സഹായത്തോടെ പഞ്ചായത്ത് തയാറാക്കണം. നിർവ്വഹണോദ്യോഗസ്ഥൻ ഈ വർക്കിങ് ഗ്രൂപ്പിലെ സുപ്രധാന അംഗമാണ് എന്നിരിക്കെ മേൽ മറുപടി തൃപ്തികരമല്ല. കൂടാതെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക,അപഗ്രഥിക്കുക എന്നിവ വർക്കിങ് ഗ്രൂപ്പിന്റെ ചുമതലകളിൽ പെട്ടതാണ്. ഇത്തരം നടപടിക്രമങ്ങൾ പാലിക്കപ്പെടാതെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് കൊണ്ടാണ് സുപ്രധാനമായ ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ വന്നത്. ഇത് മൂലം പദ്ധതി തുക ലാപ്സാവുകയാണ് ചെയ്തിട്ടുള്ളത്. ശരിയായ ആസൂത്രണമുണ്ടായിരുന്നവെങ്കിൽ സ്ത്രീ ശാക്തീകരണത്തിനും വനിതകളുടെ സാമൂഹിക ഉന്നമനത്തിനും ഉതകുമായിരുന്ന മറ്റു പദ്ധതികൾ ഈ തുക കൊണ്ട് നടപ്പിലാക്കാൻ സാധിക്കുമായിരുന്നു. ബന്ധപ്പെട്ട സ്റ്റാന്റിങ് കമ്മറ്റികളുടെയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാവേണ്ടതാണ്.

## 1-13 ശമ്പള കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാറിലേക്ക് അടവാക്കിയിട്ടില്ല.

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം കായക്കൊടി ഗ്രാമ പഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2018-19 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശിക (മൂന്നാം ഗഡു) പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും, നാലാം ഗഡു പണമായി വിതരണം ചെയ്യുകയും (സ ഉ(പി)നം 146/2018 തിയതി 16/09/2018) ചെയ്തിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| വൗച്ചർനം/തിയ്യതി | തുക |
|---|---|
| മൂന്നാം ഗഡു | |

| | |
|---|---|
| 21800655/21-12-2018 | 119944 |
| 21800656/21-12-2018 | 32807 |
| നാലാം ഗഡു | |
| 21800495/12-10-2018 | 121367 |
| 21800495/12-10-2018 | 27697 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 (1) പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളകുടിശ്ശിക മൂന്നാം ഗഡു പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും, നാലാം ഗഡു കൈപ്പറ്റുകയും ചെയ്തുവെങ്കിലും, ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാറിലേക്ക് അടവാക്കിയിട്ടില്ല.
കുടിശ്ശികക്ക് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14 പത്രപരസ്യങ്ങൾക്ക് -പരസ്യചാർജ്ജിൽ അർഹമായ ഇളവ് പ്രയോജനപ്പെടുത്തിയില്ല

അടങ്കൽ - 225000

ചെലവ് - 213869

2018-19 വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ദേശാഭിമാനി, മലയാള മനോരമ, മാതൃഭൂമി ദിന പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്, ദേശാഭിമാനി, മലയാള മനോരമ പത്രങ്ങൾ പരസ്യങ്ങൾക്ക് സ്വയംഭരണസ്ഥാപനങ്ങൾക്ക് അർഹതയുണ്ടായിരുന്ന 15 ശതമാനം ഇളവ് നൽകിയപ്പെൾ മാതൃഭൂമി പത്രത്തിൽ നിന്നും 15 ശതമാനം ഇളവ് പ്രയോജനപ്പെടുത്താതെയാണ് തുക നല്കിയത് എന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം/തീയതി | തുക (രൂ) | പത്രത്തിന്റെ പേര് |
|---|---|---|
| 01/18-19 | 13700 | മാതൃഭൂമി |
| | 7829 | |
| | 9786 | |
| 05/18-19 | 10920 | |
| 16/18-19 | 25771 | |
| 19/18-19 | 31383 | |

സ.ഉ.(പി)നം.17/ഐ.&പി.ആർഡി/തിയ്യതി 8.12.15 പ്രകാരം എ.ബി.സി സർക്കുലേഷനുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്ക് പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് 15 ശതമാനം ഡിസ്കൗണ്ടും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്താതെയാണ് പത്രങ്ങൾക്ക് തുക നല്കിയത്. സർക്കാർ ഉത്തരവു പ്രകാരം അർഹതപ്പെട്ട ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 05/03/2020 ന് നൽകിയ അന്വേഷണക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ 06/03/2020 ന് സെക്രട്ടറി , ഡിസ്കൗണ്ട് തുക തുടർന്ന് വരുന്ന പത്ര പരസ്യ ബില്ലുകളിൽ കുറവ് ചെയ്ത് തരണമെന്ന് ആവശ്യപ്പെട്ട് മാതൃഭൂമി ദിനപത്രത്തിന്

കത്ത് നൽകിയിട്ടുണ്ട്.

ഡിസ്കൗണ്ട് ഇനത്തിൽ ലഭ്യമാകേണ്ടിയിരുന്ന തുക തുടർ ബില്ലുകളിൽ നിന്നും അഡ്ജസ്റ്റ് ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 ബക്കറ്റ് ബിൻ കമ്പോസ്റ്റിങ് യൂനിറ്റ്- ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യ്തില്ല

പ്രൊജക്റ്റ് നം 108
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ..

അടങ്കൽ തുക 820000( സ്പിൽ ഓവർ)

ചെലവ് തുക 210900 ബിൽ നം. 34 തുക -58800 /- തിയതി 26-03-2019

ബിൽ നം 35 തുക -4200/- തിയതി 26-03-2019

ചെക്ക് നം 3052734/ തുക- 137200/- തിയതി 23-02-2019

ചെക്ക് നം 3052735/ തുക -9800/- തിയതി 23-02-2019
ചെക്ക് നം 3052747/ തുക -750/- തിയതി 23-03-2019
ചെക്ക് നം 3052748/ തുക- 150/- തിയതി 26.03.2019

1) പ്രദേശത്തെ മാലിന്യമുക്തമാക്കുന്നതിനായി,ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക എന്ന ഉദ്ദേശത്തോടെയാണ് പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് പ്ലാസ്റ്റിക്ക് ബിൻ കമ്പോസ്റ്റിങ് യൂനിറ്റ് നൽകുന്ന പദ്ധതി രൂപീകരിച്ചത്. രണ്ട് പ്ലാസ്റ്റിക്ക് ബിന്നുകൾ, ലിഡ്, നെറ്റ്, കമ്പോസ്റ്റ് മീഡിയം(10 കിലോ) എന്നിവയടങ്ങുന്ന ഒരു യൂ നിറ്റിന് 1000/- രൂപക്കാണ് (ശുചിത്വ മിഷൻ ഫണ്ട് 750/-, പ്ലാൻഫണ്ട് 150/- ഗുണഭോക്തൃ വിഹിതം 100/-)സർക്കാർ അംഗീകൃത ഏജൻസിയായ ഐ. ആർ. ടി. സി. യിൽ നിന്നും വാങ്ങിയത്. 421പേരാണ് ഗുണഭോക്തൃ വിഹിതം അടവാക്കിയത്.

06-03-2020 ന് നടത്തിയ സ്ഥല പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി

1)22 കമ്പോസ്റ്റിങ് യൂനിറ്റുകൾ(പ്ലാസ്റ്റിക്ക് ബിന്നുക ൾ ,ലിഡ്, നെറ്റ്, എന്നിവ ) വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിലെ ഒരു മുറിയിലും ,കമ്പോസ്റ്റ് മീഡിയം(10 കിലോ വീതമുള്ള 22 ചാക്ക്) പുറത്ത് ഒരു ഷെഡ്ഡിലും അലക്ഷ്യമായി കൂട്ടി വെച്ചതായി പരിശോധനയിൽ കണ്ടെത്തി. 29/04/2019 നാണ് ഐ ആർ ടി സി കമ്പോസ്റ്റിങ് യൂനിറ്റുകൾ അവസാനമായി പഞ്ചായത്തിൽ സപ്ലൈ ചെയ്തത്. കമ്പോസ്റ്റിങ് യൂനിറ്റുകൾ ലഭ്യമായി എതാണ്ട് ഒരു വർഷമായിട്ടും ഇവ വിതരണം ചെയ്യാത്തത് ഗുരുതരമായ വീഴ്ച്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു.





2) ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്റെ മറുപടിയിൽ പ്ലാസ്റ്റിക്ക് ബിൻ കമ്പോസ്റ്റിങ് യൂനിറ്റുകൾ ഉടൻ തന്നെ വിതരണം ചെയ്യുമെന്ന് അറിയിച്ചിട്ടുണ്ട്.ജൈവ മാലിന്യങ്ങളുടെ വിഘടനത്തിന് വേണ്ടി ഉപയോഗിക്കുന്ന വസ്തുവാണ് കമ്പോസ്റ്റ് മീഡിയം ഇവ 3 മാസത്തിനകം ഉപയോഗിക്കണമെന്ന് ചാക്കിന്റെ പുറത്ത് എഴുതി വെച്ചിട്ടുണ്ട്, സൂക്ഷ്മ ജീവികളാണ് കമ്പോസ്റ്റ് മീഡിയത്തിലെ പ്രധാന ഘടകം , ദീർഘ കാലം ഇവ ചാക്കിൽ തന്നെ സൂക്ഷിക്കുമ്പോൾ സൂക്ഷ്മ ജീവികളുടെ നശിച്ച് പോവുന്നതിന് ഇടയാക്കുന്നു. ഇതിനാൽ തന്നെ ഇവ ഇപ്പോൾ വിതരണം ചെയ്താൽ ഫലപ്രദമായ രീതിയിൽ ജൈവ വിഘടനം നടക്കുമോ എന്നകാര്യം ഇവ വിതരണം ചെയ്ത ഏജൻസിയായ ഐ ആർ ടി സി യുമായി ബന്ധപ്പെട്ട് ഉറപ്പാക്കേണ്ടതും ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്




3) സംസ്ഥാനത്തിന്റെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുകയെന്നത് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്. ഈ ലക്ഷ്യം നേടുന്നതിനായി സംസ്ഥാന സർക്കാരിനൊപ്പം പ്രാദേശിക സർക്കാരുകളും മുന്നിൽ നിന്നും പ്രവർത്തിക്കേണ്ടതുണ്ട്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസനമിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യ സംസ്കരണം, ജല സംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണ് ഉള്ളത്.. ഇതിൽ പ്രധാനമാണ് ശുചിത്വ-മാലിന്യ സംസ്കരണം. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 (എ) മുതൽ 219 (യു) വരെ നിയമങ്ങൾ ഖരമാലിന്യമുൾപ്പടെയുള്ള മാലിന്യങ്ങളുടെ നിർമ്മാർജ്ജനം പ്രാദേശിക സർക്കാരുകളുടെ ചുമതലയാണെന്ന് വ്യക്തമാക്കുന്നു.

പദ്ധതിയുടെ ഭാഗമായി 399 പേർക്ക് പ്ലാസ്റ്റിക്ക് ബിൻ കമ്പോസ്റ്റിങ് യൂനിറ്റ് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റുന്ന വിധത്തിൽ ഗുണഭോക്താക്കൾ ഇവ ഉപയോഗപ്പെടുത്തുന്നുണ്ടെയെന്ന കാര്യം ഇത് വരെയും പരിശോധിക്കപ്പെട്ടിട്ടില്ല, ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിങ് കമ്മറ്റി ശ്രദ്ധ പുലർത്തിയില്ലയെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-16 ലൈഫ് ഭവന പദ്ധതി-- നിർമാണം പൂർത്തിയാവാത്തത് സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതി-പ്രൊജക്റ്റ് നം 18

അടങ്കൽ തുക -44400000

ചെലവ് തുക -16575500

ലൈഫ് ഭവന പദ്ധതി-പട്ടികജാതി-പ്രൊജക്റ്റ് നം 98

അടങ്കൽ തുക -1600000

ചെലവ് തുക – 658008

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിലെ 108 കുടുംബങ്ങളുമായാണ് എഗ്രിമെന്റ് വെച്ചത് . ഗുണഭോക്താക്കളുമായുള്ള കരാർ പ്രകാരം ആറ് മാസത്തിനകം വീടിന്റെ ജോലി പൂർത്തീകരിക്കേണ്ടതാണ്. രജിസ്റ്റർ പരിശോധിച്ചപ്പോൾ നിർമാണ പൂർത്തീകരണത്തിന്റെ സ്റ്റാറ്റസ് താഴെ പറയും പ്രകാരമാണ്

| | |
|---|---|
| ആകെ എണ്ണം | 108 |
| പൂർത്തീകരിച്ചത് | 93 |
| മേൽക്കൂര | 9 |
| ലിന്റൽ | 4 |
| തറ | 2 |

15 വീടുകളുടെ നിർമാണം പൂർത്തിയാകാതിരിക്കാനുള്ള കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടുണ്ട്. ഭവന നിർമാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട് . ലൈഫ് ഭവന പദ്ധതിയിലെ രണ്ടാം ഘട്ടത്തിലെ മുഴുവൻ ഭവനങ്ങളുടെയും നിർമാണം പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 തുല്യതാ പഠിതാക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

കായക്കൊടി ഗ്രാമപഞ്ചായത്തിലെ 17 പഠിതാക്കളുടെ പത്താം ക്ലാസ് തുല്യതാപഠനത്തിലുള്ള കോഴ്സ്ഫീസായ 29,750/-രൂപയും 20പഠിതാക്കളുടെ +1 തുല്യതാപഠനത്തിലുള്ള കോഴ്സ്ഫീസായ 44,000/-രൂപയും ആകെ 73,750/-രൂപ ബിൽ നമ്പർ 6/26-3-2019 പ്രകാരം മാറി അടവാക്കിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾ പത്താം ക്ലാസ് തുല്യതാപഠനത്തിനായി രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ രേഖകൾ തുടങ്ങിയ പഠിതാക്കളെ സംബന്ധിച്ച മുഴുവൻ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയവ ലഭ്യമാക്കുന്നതുവരെ ചെലവുതുക 73,750/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-18 എസ്.എസ്.എ :അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ് മാസ്റ്റർ

പ്രൊജക്ട് നമ്പർ -4/19

പ്രൊജക്ട് - എസ്.എസ്.എ വിഹിതം

ബിൽ നമ്പർ -1/9-8-2018

ബിൽ തുക -700,000/-

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി.ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ.ക്ക് 700,000/-രൂപ കൈമാറിയിട്ടുണ്ട്.സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.07.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ.പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്.മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ

ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. മാത്രമല്ല ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്,പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം,വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.വിശദമായ പ്രൊജക്ടുകളുടെ രൂപരേഖയോ വിശദമായ വിനിയോഗ സാക്ഷ്യപത്രമോ ഇല്ലാതെ കൃത്യമായ മോണിട്ടറിംഗ് സാധ്യമാവുകയില്ല.

മേൽ അപാകതകൾ കാരണം 700,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്,പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം,വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 നൊൺ ട്രാൻസ്പോർട്ട് വാഹനത്തിന് ട്രിപ്പ് ഷീറ്റ് വെച്ച് തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രൊജക്ട് : അമ്മമാർക്കും കുട്ടികൾക്കും രോഗപ്രതിരോധ കത്തിവെപ്പ്

പ്രൊജക്ട് നംപർ : 12/19
ചെലവ് തുക :75,000/- രൂപ.

ബിൽ നംപർ,തുക : 3/30-6-2018, 13,824/-

: 6/17-8-2018, 12,918/-

: 10/31-10-2018, 12,216/-

: 13/16-01-2019, 11,016/-

: 16/18-02-2019, 10,080/-

: 20/23-03-2019, 14,946/-

മേൽ പ്രൊജക്ട് പ്രകാരം, KL-72-6028,KL-10-K-7311 എന്നീ നമ്പർ വാഹനങ്ങൾക്ക് കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ നിന്നും കത്തിവെപ്പ് മരുന്ന് എടുത്ത് പി.എച്ച്.സി,പൂക്കാട്,പൂളക്കണ്ടി,ദേവർകോവിൽ,കരിക്കാടൻ പൊയിൽ എന്നിവിടങ്ങളിലെ അംഗൻവാടികളിലേക്കും അവിടെ നിന്ന് തിരികെ കുറ്റ്യാടി താലൂക്ക് ആശുപത്രിയിലേക്കും കൊണ്ടുപോയതിനും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരോഗ്യ ബോധവൽക്കരണം നടത്തിയതിന്റെയും വാഹന വാടകയായി ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ ആകെ 75,000/-രൂപ നൽകിയിട്ടുണ്ട്.കിലോമീറ്ററിന് 9 രൂപ നിരക്കിലും വെയിറ്റിംഗ് ചാർജ്ജായി മണിക്കൂറിന് 30രൂപ നിരക്കിലുമാണ്.ശ്രീ.രാജീവന്റെ അക്കൗണ്ടിലേക്ക് തുക നൽകിയത്.തുക നൽകിയതിന്റെ വാഹനം തിരിച്ചുള്ള വിശദാംശം ചുവടെ.

| | KL-72-6028 | | | | |
|---|---|---|---|---|---|
| 1 | 2 | 3 | 4 | | 5 |
| | ബിൽ നംപർ | തുക | യാത്രാ ദിവസങ്ങൾ | | KL-72-6028നമ്പർ വാഹനത്തിനു നൽകിയ തുക |
| | | | കത്തിവെപ്പ് ആവശ്യാർത്ഥം | ആരോഗ്യ ബോധവൽക്കരണ ആവശ്യാർത്ഥം | |
| 1 | 3/30-6-2018 | 13,824/- | 12-04-2018,<br>24-04-2018,<br>24-05-2018, | 24-04-2018,<br>21-04-2018,<br>15-05-2018, | 13,824 |

| | | | | | |
|---|---|---|---|---|---|
| | | | 21-04-2018,<br>10-05-2018<br>,22-05-2018,<br>19-04-2018,<br>30-05-2018 | 26-05-2018 | |
| 2 | 6/17-8-2018 | 12,918/- | 17-07-2018,<br>19-07-2018,<br>26-07-2018,<br>19-06-2018,<br>21-06-2018,<br>26-06-2018 | 21-07-2018,<br>6-07-2018,<br>28-06-2018,<br>13-06-2018,<br>8-06-2018 | 12,918 |
| 3 | 10/31-10-2018 | 12,216/- | | 05-09-2018,<br>12-09-2018,<br>26-09-2018 | 3213 |
| 4 | 13/16-01-2019 | 11,016/- | 25-10-2018,<br>26-10-2018,<br>23-10-2018 | 24-10-2018,<br>22-10-2018,<br>22-11-2018 | 7110 |
| 5 | 16/18-02-2019 | 10,080/- | 15-12-2018,<br>08-12-2018,<br>20-12-2018,<br>18-01-2019,<br>22-01-2019,<br>19-01-2019,<br>24-01-2019 | 05-12-2018,<br>23-01-2019 | 10080 |
| 6 | 20/23-03-2019 | 14,946/- | 08-02-2019, | 07-03-2019, | 12342 |

| | | | | | |
|---|---|---|---|---|---|
| | | | 16-02-2019,<br>19-02-2019,<br>21-02-2019,<br>22-02-2019,<br>15-03-2019,<br>19-03-2019<br>,21-03-2019,<br>23-03-2019 | 26-03-2019 | |
| | | | | | 59487 |

**KL-10-K-7311**

| 1 | 2 | 3 | 4 | | 5 |
|---|---|---|---|---|---|
| | ബിൽ നംപർ | തുക | യാത്രാ ദിവസങ്ങൾ | | KL-10-K-7311നമ്പർ വാഹനത്തിന നൽകിയ തുക |
| | | | കുത്തിവെപ്പ് ആവശ്യാർത്ഥം | ആരോഗ്യ ബോധവൽക്കരണ ആവശ്യാർത്ഥം | |
| 1 | 10/31-10-2018 | 12,216/- | 21-08-2018,<br>28-09-2018,<br>20-08-2018,<br>24-09-2018,<br>17-08-2018,<br>18-09-2018 | 29-08-2018,<br>07-08-2018 | 9003 |
| 2 | 13/16-01-2019 | 11,016/- | | 21-11-2018,<br>28-11-2018,<br>16-11-2018 | 3906 |
| 3 | 20/23-03-2019 | 14,946/- | | 26-02-2019, | 2604 |

| | | | | | |
|---|---|---|---|---|---|
| | | | | 16-03-2019 | |
| | | | | | 15513 |

പ്രൊജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

**എ)** ബില്ലിന്റെ കൂടെ ട്രിപ് ഷീറ്റ് മാത്രമേ ഓഡിറ്റിനായി ഹാജരാക്കിയിട്ടുള്ളൂ.മേൽ ഷെഡ്യൂളുകളിൽ കാണിച്ച ദിവസങ്ങളിൽ ഏത് ആരോഗ്യ ബോധവൽക്കരണ ആവശ്യാർത്ഥമാണ് വണ്ടി ഓടിയതെന്ന് വ്യക്തമല്ല.

**ബി)** പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്.മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. ഇവിടെ വർക്കിംഗ് ഗ്രൂപ്പ് തങ്ങളിൽ നിക്ഷിപ്തമായ ഈ ഉത്തരവാദിത്തം നിറവേറ്റുകയുണ്ടായില്ല.

**സി)** വിവിധ ആരോഗ്യ ബോധവൽക്കരണ പ്രോഗ്രാമുകൾ, വിവിധ സബ്സെന്ററുകളിൽ വെച്ച് നടക്കുന്ന കുത്തിവെപ്പുകൾക്ക് മരുന്നും ഉപകരണങ്ങളും എത്തിക്കുന്നതിനും വാഹന വാടകയായി എൻ.എച്ച്.എം ഫണ്ട്,വിവിധ പ്രോഗ്രാം ഫണ്ട് തുടങ്ങിയവയിൽ നിന്നും ഡിപ്പാർട്ട്മെന്റലായി അനുവദിക്കാറുണ്ട്. പ്രൊജക്റ്റ് രൂപീകരണ,നിർവഹണ,മോണിട്ടറിംഗ് വേളയിൽ അതൊന്നും പരിഗണിക്കുകയുണ്ടായില്ല.

**ഡി)** KL-72-6028നമ്പർ വാഹനത്തിനു 21-04-2018,24-04-2018 എന്നീ തിയ്യതികളിൽ ഒരേസമയം കുത്തിവെപ്പ് ആവശ്യാർത്ഥവും ആരോഗ്യ ബോധവൽക്കരണ ആവശ്യാർത്ഥവും ഓടിയതായി വൗച്ചർ ഹാജരാക്കി തുക നൽകി.ഈ അപാകത സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതാണ്.

**ഇ)** മോട്ടോർ വാഹന വകുപ്പിന്റെ രേഖകൾ അനുസരിച്ച് KL 72-6028 നമ്പർ വാഹനം നോൺ ട്രാൻസ്പോർട്ട് മായിട്ടാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.നോൺ ട്രാൻസ്പോർട്ടായി രജിസ്റ്റർ ചെയ്ത വാഹനം ടാക്സിയായി ഓടിക്കാൻ അനുവാദമില്ല.നിയമവിരുദ്ധമായി ഈ വാഹനത്തിന് ട്രിപ്പ് ഷീറ്റ് വെച്ച് നൽകിയ 59,487/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ആ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്..

അപാകതകൾ കാരണം ചെലവ് തുക തടസ്സത്തിൽ വെക്കുന്നു. മേൽ കാണിച്ച ദിവസങ്ങളിലെ ആരോഗ്യ ബോധവൽക്കരണ പരിപാടികളുടെ രേഖകൾ,വിശദമായ മോണിട്ടറിംഗ് റിപ്പോർട്ട്, ഈ ചെലവുകൾക്ക് ഡിപ്പാർട്ടുമെന്റലായി തുക നൽകിയിട്ടില്ലെന്ന ക്ഷമതയുള്ള ഉദ്യോഗസ്ഥൻ നൽകിയ സർട്ടിഫിക്കറ്റ്, അപാകത സി സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17-07-2019മുതൽ 18-07-2019 വരെ | നമ്പർ കെ.എസ്.എ.കെ.കെ.ഡി/ഇ.2/887/2019(23), തിയ്യതിഃ 01-08-2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 100000 | പാലിന് സബ്സിഡി | 82479 | 17521 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 125000 | ഭിന്നശേഷി സ്കോളർഷിപ്പ് | 107500 | 17500 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1946704 | ലൈഫ് | 1840000 | 106704 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 38008 | ലൈഫ് പട്ടികജാതി | 38008 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1250000 | ഭിന്നശേഷി സ്കോളർഷിപ്പ് | 107500 | 17500 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ചെക്ക്നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| ജലവിഭവ വകുപ്പ് | പി.എച്ച്.സി കനാൽ റോഡ് | 44/19 | 520000 | 0 | 520000 |
| ജലവിഭവവകുപ്പ് | ദേവർ കോവിൽ കനാൽ റോഡ് | 54/19 | 155000 | 0 | 155000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്തവായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യുആർ.ഡി.എഫ്.സ് | 2018-19 | 11942607 | - | - | - | 11942607 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 653147 |
| തൻവർഷം നിക്ഷേപിച്ച തുക | 54235 |
| ആകെ | 707382 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവസാനിക്കുന്ന സ്ഥിര നിക്ഷേപം | 707382 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഷെയർ നം 337,321 | 15000+10000=25000 |
| FDR നം. 10128/18-14-2018, കായക്കൊടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 707382 |
| ആകെ | 732382 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീറ്റ് നമ്പർ / തീയതി |
|---|---|---|---|---|
| 1996-97 | 36 | 265 | കെ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി | 118080103708 |

| | | | | |
|---|---|---|---|---|
| | | | | 26-12-2018 |
| 1998-99 | 16 | 400 | പി.പി.ജനാർദ്ദനൻ, സെക്രട്ടറി | 118020103709<br>26-12-2018 |
| 1998-99 | 16 | 990 | പി.പി.ജനാർദ്ദനൻ, സെക്രട്ടറി | 118020103710<br>26-12-2018 |
| 1998-99 | 16 | 240 | പി.പി.സന്തോഷ്, ക്ലാർക്ക് | 118020103711<br>26-12-2018 |
| 1998-99 | 35 | 65 | സി.പി.സരോജിന്ദേവി, പ്രസിഡന്റ് | 118020103712<br>26-12-2018 |
| 1998-99 | 35 | 65 | സി.പി.സരോജിന്ദേവി, പ്രസിഡന്റ് | 118020103713<br>26-12-2018 |
| 1998-99 | 35 | 58 | വി.പി ആയിഷ, മെമ്പർ | 118020103714<br>26-12-2018 |
| 1998-99 | 35 | 58 | കെ.സി.മാතු, മെമ്പർ | 118020103715<br>26-12-2018 |
| 1998-99 | 35 | 58 | എ.പി. മല്ലിക, മെമ്പർ | 118020103716<br>26-12-2018 |
| 1999-200 | 9 | 80 | ടി.കെ മുകുന്ദൻ, എച്.സി | 118020103717<br>26-12-2018 |
| 1999-200 | 9 | 80 | കുമാരൻ നായർ, എച്.സി | 118020103718<br>26-12-2018 |
| 1999-200 | 19എ | 282 | ഹമീദ് എളങ്ങാരംകോട്ട്, കണ്വീനർ | 118020103719<br>26-12-2018 |
| 1999-200 | 19 ബി | 361 | മൊയ്തു, മീത്തലെ എളങ്ങാരംകോട്ട്, കണ്വീനർ | 118020103720<br>26-12-2018 |
| 1999-20 | 25 | 350 | മനോജ് കുമാർ , ക്ലാർക്ക് | 118020103721<br>26-12-2018 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴ ത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 50 | 2003-04 | 11(4) | ജല വകുപ്പിന്റെ സ്ഥലത്ത് അനുമതിയില്ലാതെ കെട്ടിടം പണിതു | കെട്ടിടം വിട്ടു കിട്ടുന്നതിന് അടിയന്തര നടപടികൾ പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| | | | | | വകുപ്പ് സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ ശുപാർശ |
| 1999-00 | 33 | 2003-04 | 11.13.1.6 | പൊതു പരാമർശങ്ങൾ – തൊഴിൽ യൂണിറ്റുകൾ പരാജയം-പദ്ധതി പണം ദുർവിനിയോഗം ചെയ്തു.<br>ബേക്കറി യൂണിറ്റ് പ്രവർത്തനം നടത്തിയില്ല | |
| 1999-00 | 35 | 2003-04 | 11.13.5.2 | മൈത്രി ഭവന പദ്ധതി – ഉത്തരവാദിത്ത്വം നിറവേറ്റിയില്ല വീട് പൂർത്തിയാക്കിയത് സംബന്ധിച്ച് വിവരമില്ല | |
| 1999-00 | 20(1)(2) | -ടി- | 11.13.7.3 | നികുതി പിരിവിൽ അലംഭാവം-വൻ തുക കാലഹരണപ്പെട്ടു. | |
| 1998-99 | | 2003-04 | 11.14 | മറ്റ് പരാമർശങ്ങൾ – വീട് ഓട് മേയൽ പദ്ധതി വിഹിതമായി അധികം നൽകിയ തുക 73,800/- | |
| 2000-01 | 1 | 2004-05 | 11.1.2.5 | മറ്റ് പരാമർശങ്ങൾ – ബജറ്റ് പാസ്സാക്കുന്നില്ല. ഗ്രാമ പഞ്ചായത്തുകൾ നിയമം ലംഘിക്കുന്നു<br>ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല. ബജറ്റിന്റെ കോപ്പി, മിനട്സ് എന്നിവ ഹാജരാക്കിയില്ല | |
| 1999-00 | | 2004-05 | 11.1.3.4 | നികുതി പിരിവിൽ അലംഭാവം- | |

| | | | | | |
|---|---|---|---|---|---|
| | | | | കുടിശ്ശിക പെരുകുന്നു. | |
| 1999-00 | | 2004-05 | | കെട്ടിട നികുതി | 396881 |
| | | 2004-05 | | തൊഴിൽ നികുതി | 119416 |
| 2000-01 | | 2004-05 | | കെട്ടിട നികുതി | 469054 |
| | | 2004-05 | | തൊഴിൽ നികുതി | 62976 |
| 1998-99 | 29 | 2004-05 | 5 | സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ - വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്തത് -<br>മണ്ണ് സംരക്ഷണ പദ്ധതി | |
| 1999-00 | 34 | -ടി- | 11.1.5.9 | ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം | |
| 2003-04 | 3(4) | 2006-07 | 3.79.5.1 | വാട്ടർ ചാർജ്ജ് ഇനത്തിൽ വസ്തു കൈമാറ്റത്തീരുവ യിനത്തിൽ നിന്നും തുക തട്ടിക്കിഴിച്ച് വാട്ടർ അതോറിറ്റിക്കു നൽകിയതിൽ അപാകത | |
| 2003-04 | 3(3) | 2006-07 | 3.79.19.9 | മരാമത്ത് പ്രവൃത്തികൾ - നിരക്ക് അധികം നൽകുന്നത് അളവ് തെറ്റായി രേഖപ്പെടുത്തി പഞ്ചായത്തുകൾക്ക് നഷ്ടം<br>7770- അധികം നിരക്ക് നൽകി. | |
| 2003-04 | 3(5) | 2006-07 | 3.79.19.9 | നാവോട്ടുകുന്ന് ഹരിജൻ കോളനി<br>റോഡ് സെഷനിംഗ് പ്രവൃത്തി 998 രൂപ മണ്ണ് നിറച്ച് സ്ഥലത്ത് സെഷനിംഗ് നടത്തിയതിന് തുക നൽകി. | |

| | | | | | |
|---|---|---|---|---|---|
| 2015-16 | 3-14<br>3-14 | 2016-17 | 6 എ.1.1<br>6എ.1.5 | ആശ്രയ പദ്ധതി വീടിന് സ്ഥലം<br>വീട് ആവശ്യമുള്ളവർ | |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71214388 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61236508 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1168578 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-9(1) | 319828 | പ്രേമ ഒച്ചിലോട്ട്,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-17 | 73750 | മൊയ്തു സി.കെ,<br>ജി.എൽ.പി.എസ്. കരണ്ടോട് |
| 1-18 | 700000 | മൊയ്തു സി.കെ,<br>ജി.എൽ.പി.എസ്. കരണ്ടോട് |
| 1-19 | 75000 | ഡോ.സി.കെ.വിനോദ്,മെഡിക്കൽഓഫീസർ,<br>പി.എച്ച് .സി,കായക്കൊടി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സി.കെ.വിനോദ്,മെഡിക്കൽഓഫീസർ, പി.എച്ച് .സി,കായക്കൊടി | പി.എച്ച് .സി,കായക്കൊടി | ചെറിയ കോട്ടച്ചാലിൽ, ചെറുവണ്ണൂർ പി.ഒ |
| മൊയ്തു സി.കെ, ജി.എൽ.പി.എസ്. കരണ്ടോട് | - | കരുവളത്തിൽ, കായക്കൊടി പി.ഒ |

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരുവിവരം**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1979-80 | എൽ.എഫ്.പി4/505/ 96/തി.20.03.96 | 3 | |
| 1983-84 | എൽ.എഫ്.പി4/506/ 96/തി.20.03.96 | 4 | |
| 1984-85 | എൽ.എഫ്.പി4/529/ 96/തി.20.03.96 | 1 | |
| 1990-91& 1991-92 | കെ.എസ്എ/കെകെഡിപി6/ 1764/2017 /10.05.18 | 1 | 22 |
| 1998-99 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764 /2017/തി.10.05.18 | 5 | 50,53,55,56,57 |
| 1999-00 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764 /2017/തി.10.05.18 | 6 | 9,19,30,31,36,37 |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764 /2017/തി.10.05.18 | 11 | 2-1,2-2,2-3(1),2-3(2),2-4,3-1, 3-2,3-4,3-5,3-7,3-8 |

| | | | |
|---|---|---|---|
| 2001-02 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764 /2017/തി.10.05.18 | 4 | 7,12,15,16 |
| 2002-03 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764 /2017/തി.10.05.18 | 1 | 3-10, |
| 2003-04 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764 /2017/തി.10.05.18 | 2 | 3-1,3-6 |
| 2004-05 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764 /2017/തി.10.05.18 | 1 | 3-6 |
| 2005-06 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764 /2017/തി.10.05.18 | 6 | 2-1,3-1,3-2,3-5,3-6,3-7 |
| 2006-07 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764 /2017/തി.10.05.18 | 16 | 3-4,3-10,3-11,3-14, 3-15,3-16,3-17,3-18,3-19, 3-20,3-23,3-24,3-25, 3-26,3-27,3-28 |
| 2007-08 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764 /2017/തി.10.05.18 | 5 | 3-1,3-2,3-3(എ),3-11എബി,3-18 |
| 2008-09 | എൽ.എഫ്.കെകെഡി.പി6/1160/ 12/തി.28.07.12 | 16 | 2-1,2-2,2-3,3-2,3-3,3-6,3-7, 3-8,3-9,3-10,3-11,3-12,3-14, 3-15,3-20,4-2,4-6(ഡി) |
| 2009-10 | എൽ.എഫ്.കെ.കെ.ഡിപി6/1161/ 12/തി.1.11.12 | 16 | 2-1,2-2,2-3,2-4,3-2,3-3,3-4, 3-6,3-5,3-7,3-10,3-11, 3-12,3-13,4-2,4-4 |
| 2010-11& 2011-12 | എൽ.എഫ്.കെ.കെ.ഡി.പി6/737/ 13/തി.16.07.13 | 16 | 2-1(ബി), 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 4-5ബി, 4-6 |
| 2012-13 | എൽ.എഫ് കെ.കെ.ഡി/പി6/ 1466/14 /തി.7.2.15 | 14 | 2-1,2-2,2-3, 2-4(1), 2-4(2) 3-1,3-2,3-3,3-4,3-5,3-6, |

| | | | |
|---|---|---|---|
| | | | 4-1,4-2, 4-10 |
| 2013-14& 2014-15 | കെ.എസ്.എ/കെ.കെ.ഡി/ പി6/1132 /17/തി.16.02.18 | 20 | 2-3,3-1,3-5,3-6,3-7,3-8,3-9,3-11, 3-12,3-13,3-14,3-15,3-17,3-18, 3-19,3-20,3-21,3-22,-24,3-27 |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/ പി6/748 /17/തി.4.5.17 | 16 | 2-1,2-2, 2-3, 2-4, 2-5,3-1, 3-2,3-3,3-5,3-6,3-7, 3-9,3-10,3-12,3-13,3-14 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി6/558 /2018/തി04.05.18 | 23 | 2-1(1),2-1(2),2-2(1),2-2(3), 2-3,2-4(1),(2)(3),3-1,3-3, 3-4,3-5,3-6,3-7,3-9, 3-15,3-16,3-17,3-18,3-19, 3-21,3-23,3-24 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/ പി6/2670 /2019/തി 26.07.19 | 15 | 2-1, 2-2,2-3,2-4,2-5,2-6,3-1, 3-2,3-3,3-4,3-5,3-6,3-7,3-8,3-9 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം 1

നം:കെ.എസ്.എ.കെ.കെ.ഡി.പി. 2 /335/2020 തിയ്യതി: 18.03.2020

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ

ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കായക്കൊടി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.